# *എഴുത്തിലെ പദദൂരവ്യവസ്ഥകളും ഭാഷാചാലകതന്ത്രത്തിലെ ചില അവസ്ഥകളും*

(ഭാഗം–4/5)

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* **D.Sc., Ph.D.**

Part-1: http://emalayalee.com/varthaFull.php?newsId=46327
Part-2: http://emalayalee.com/varthaFull.php?newsId=46514
Part-3: http://emalayalee.com/varthaFull.php?newsId=46733

**"ഉ"കാരാന്തപൂർവ്വപദം:** ഇനി, ചേർത്തെഴുതേണ്ട വാക്കുകളിലെ പൂർവ്വപദം സംവൃതോകാരത്തിലോ വിവൃതോകാരത്തിലോ അവസാനിക്കുമ്പോൾ അനുവർത്തിക്കേണ്ട നാട്ടുനടപ്പും സ്വാഭിപ്രായവും വിവരിക്കാം. സംവൃതമെന്നാൽ *അടഞ്ഞ* എന്നർത്ഥം, വിവൃതമെന്നാൽ *തുറന്ന*തെന്നും. അപ്പോൾ, സംവൃതോകാരത്തിൽ അടഞ്ഞ *ഉ*കാരവും വിവൃതോകാരത്തിൽ തുറന്ന *ഉ*കാരവും വരും.

*അറിവു്* എന്ന പദം നാം ഇപ്പോൾ *അറിവ്* എന്നെഴുതുന്നു– ഇതിലെ *ഉ*കാരം സംവൃതോകാരത്തിനു തുല്യമാണ്. *അറിവു* എന്നത് വിവൃതോകാരത്തിൽ അവസാനിക്കുന്നു. സംവൃതമോ വിവൃതമോയെന്നും, വിട്ടെഴുതണോ കൂട്ടിയെഴുതണോയെന്നും നിശ്ചയിക്കുന്നത് രണ്ടാമത്തെ പദം സ്വരത്തിലോ വ്യഞ്ജനത്തിലോ ആരംഭിക്കുക എന്നതിനെ ആശ്രയിച്ചിരിക്കും. രണ്ടാമത്തെ പദം സ്വരമാണെങ്കിൽ, ആദ്യപദം സംവൃതോകാരത്തിൽ അവസാനിപ്പിച്ച് രണ്ടാമത്തെ പദം വിട്ടെഴുതുന്നു; വ്യഞ്ജനത്തിൽ തുടങ്ങുന്നതാണെങ്കിലോ, വിവൃതോകാരവും ചേർത്തെഴുതലുമാണ് നടപ്പ്. അതായത്,
പല്ല് *എ*ടുക്കുന്നു (രണ്ടാമത്തെ പദം സ്വരത്തിലാരംഭം; ആദ്യപദം സംവൃതോകാരാന്തം) എന്ന് വിട്ടെഴുതും. പല്ലെടുക്കുന്നു എന്ന് സന്ധിയോടെ എഴുതേണ്ട ആവശ്യം വരുന്ന സന്ദർഭം വേറെ.
പല്ലുപറിക്കുന്നു (രണ്ടാമത്തെ പദം വ്യഞ്ജനത്തിലാരംഭം; ആദ്യപദം വിവൃതോകാരാന്ത്യം; ഈ സന്ദർഭങ്ങളിൽ, വിവൃതോകാരം കഴിഞ്ഞ് ദ്വിത്വനിയമം ബാധകമല്ലാത്തതിനാൽ കൂട്ടിയെഴുത്ത് പ്രശ്നമേയല്ല). രണ്ടാംപദം നീണ്ടതാണെങ്കിൽ – അതായത്, അഞ്ചിലധികം അക്ഷരങ്ങളുള്ളതാണെങ്കിൽ – നേരത്തേ നിർദ്ദേശിച്ചപോലെ വിട്ടെഴുതലാണ് അഭികാമ്യം. എന്നാൽ, ആദ്യപദത്തിന് ഊന്നൽ കൊടുക്കേണ്ട അവസരത്തിൽ (രണ്ടാംപദം വ്യഞ്ജനാരംഭമെങ്കിലും), അത് സംവൃതോകാരരൂപത്തിലാക്കി രണ്ടാമത്തെ പദം വിട്ടെഴുതാറുണ്ട് - പല്ല് പറിക്കുന്നു.

സർവ്വനാമത്തിനുശേഷം മിക്കവാറും വിട്ടെഴുതുകയാണ് നല്ലത്. ഉദാ: മറ്റു വിഷയങ്ങൾ, വല്ല കാര്യവും, എല്ലാ മനുഷ്യരും, മിക്ക പ്രശ്നവും, ചില കഥകൾ, പല സ്ത്രീകളും, ...

"ഒരു" എന്നത് അപവാദമെന്ന് തോന്നുന്നു. ഇത് സാർവ്വനാമികവിശേഷണമായും, സാംഖ്യവിശേഷണമായും വരാമല്ലോ. "ഒരു" എന്നത് വിവൃതോകാരത്തിൽമാത്രമേ ഉപയോഗിക്കുന്നുള്ളു. ഇവിടെ, സ്വര-വ്യഞ്ജന നിയമങ്ങൾ, പലപ്പോഴും സർവ്വനാമമോ വിശേഷണമോ എന്നനുസരിച്ച് തലതിരിഞ്ഞും വരാം.
ഉദാ: ഒരു മനുഷ്യനും അറിയില്ല, ഒരക്ഷരം അറിയില്ല, ഒരോർമ്മ വന്നു, ഓരോ കാര്യവും (സാർവ്വനാമികവിശേഷണം); ഒരു പട്ടിയെ കണ്ടു, ഒരാളെ വിളിച്ചു (സാംഖ്യവിശേഷണം).
രണ്ടുവാക്ക് പറയണം (*രണ്ടു്* സാർവ്വനാമികവിശേഷണം), രണ്ടുസിനിമ കണ്ടു (*രണ്ട്* വിശേഷണം - സാംഖ്യം) എന്നിവയിലുള്ള അർത്ഥഭേദം ശ്രദ്ധിക്കുക.

## ക്രിയ

ക്രിയാപദമാണ് ഭാഷയുടെ ജീവൻ. ക്രിയാപദങ്ങളുടെ ശരിയായ ഉപയോഗം ഭാഷയെ നവീകരിക്കുന്നു, ശാക്തീകരിക്കുന്നു. എന്റെ അഭിപ്രായത്തിൽ, ഭാവനയെന്നതുതന്നെ നാമത്തോട് അസാധാരണ ക്രിയാപദങ്ങൾ കൂട്ടിച്ചേർക്കുന്നതാണ് (അതുപോലെ, അനന്യമായ നാമങ്ങൾ ക്രിയയോടുചേർക്കലും).

ക്രിയാപദങ്ങൾ പ്രധാനമായും രണ്ടുതരത്തിൽ: *മുറ്റുവിന* (പൂർണ്ണക്രിയ), *പറ്റുവിന* (അപൂർണ്ണക്രിയ). *സകർമ്മകം* (ഉണ്ണുക), *അകർമ്മകം* (ഉറങ്ങുക), *കേവലം* (വായിക്കുക), *പ്രയോജകം* (പഠിപ്പിക്കുക) എന്നിങ്ങനെയുള്ള തിരിവ് നമ്മുടെ വിഷയമായ വിട്ടെഴുതലിനെ ബാധിക്കുന്നില്ല (പിന്നീട് ഉദാഹരിക്കാം).

മുറ്റുവിനാരൂപം എപ്പോഴും അർത്ഥം പൂർത്തീകരിക്കുന്നു. അത് നാലുതരത്തിൽ. *മൂല്യങ്ങൾ കൈവിടുന്നു* എന്ന ആഖ്യയും ആഖ്യാതവും ഉപയോഗിച്ച് അവ വിശദീകരിക്കാം:

1. *നിർദ്ദേശകം* (മൂന്നുവിധം)

(i) മൂല്യങ്ങൾ കൈവിടുന്നു (വർത്തമാനം)

(ii) മൂല്യങ്ങൾ കൈവിട്ടു (ഭൂതം)

(iii) മൂല്യങ്ങൾ കൈവിടും (ഭാവി)

2. *നിയോജകം*
മൂല്യങ്ങൾ കൈവിടട്ടെ, മൂല്യങ്ങൾ കൈവിട്, മൂല്യങ്ങൾ കൈവിടൂ, മൂല്യങ്ങൾ കൈവിട്ടാലും

3. *വിധായകം*
മൂല്യങ്ങൾ കൈവിടണം

4. *അനുജ്ഞായകം*
മൂല്യങ്ങൾ കൈവിടാം

ഇവിടെ എല്ലായിടത്തും പദദൂരം പാലിക്കുന്നു.

പറ്റുവിനാരൂപത്തിൽ അർത്ഥം അപൂർണ്ണമായിരിക്കും. പദ്യത്തിലും ഗദ്യത്തിലും മാത്രം കാണുന്ന രീതികൾ ഇതിൽ കണ്ടെത്താം. അത് രണ്ടുതരത്തിൽ വരുന്നു.

1. **പേരെച്ചം** (നാലുവിധം): ഇത് ക്രിയാരൂപമാണ്. പേരെന്നാൽ നാമം. നാമങ്ങൾ പേരെച്ചക്രിയാരൂപത്തെ പിന്തുടരുന്നു. *മൂല്യങ്ങൾ കൈവിടുന്നു* എന്ന പദങ്ങൾ ഉപയോഗിച്ചുതന്നെ അവ വിശദീകരിക്കാം:

(i) കൈവിടുന്ന/കൈവിട്ട/കൈവിടും മൂല്യങ്ങൾ (നിർദ്ദേശകം)

(ii) കൈവിടട്ടെ മൂല്യങ്ങൾ, കൈവിട് മൂല്യങ്ങൾ, കൈവിടൂ മൂല്യങ്ങൾ, കൈവിട്ടാലും മൂല്യങ്ങൾ എന്നിങ്ങനെ മുറ്റുവിനയുടെ നിയോജകരൂപങ്ങൾ തലതിരിച്ചെഴുതാം. അതുകൊണ്ട് പേരെച്ചത്തിനു പ്രത്യേക നിയോജകരൂപങ്ങൾ ഇല്ലെന്നും പറയാം.

(iii) കൈവിടേണ്ടുന്ന/കൈവിടേണ്ടിയ/കൈവിടേണ്ടും മൂല്യങ്ങൾ (വിധായകം)

(iv) കൈവിടാവുന്ന മൂല്യങ്ങൾ (അനുജ്ഞായകം)

ഇവിടെ, ചില രൂപങ്ങൾക്കുശേഷം അനുഗമിക്കുന്ന ക്രിയ ചേർത്തെഴുതുന്നതാണ് യുക്തം. ഇവ പദ്യത്തിൽ ഏറിയകൂറും കാണുന്നു – കവിതാമയമായ ഭാഷ ഗദ്യത്തിൽ ഉപയോഗിക്കുന്നവരുടേയും പ്രിയരൂപം. മുമ്പേ പ്രസ്താവിച്ച ദീർഘപദ-സ്വര-വ്യഞ്ജനങ്ങളും വിട്ടെഴുതാൻ മാനദണ്ഡമാക്കാം. കൂടുതൽ ഉദാഹരണങ്ങൾ: പറഞ്ഞകഥ, പൊട്ടിയതന്ത്രി, പാലിക്കുംവാക്ക്, വന്നദിവസം, കേട്ടകാര്യം, കണ്ടസിനിമ, ...

2. **വിനയെച്ചം** (മൂന്നു വിധം): വിനയെന്നാൽ ക്രിയ. ക്രിയകളോട് ചേരുന്ന ക്രിയാരൂപമാണിത് — മുകളിലെ ഉദാഹരണത്തിൽ ഒരു ക്രിയമാത്രം ഉള്ളതിനാൽ മറ്റൊരു ക്രിയകൂടി ചേർക്കുന്നു. *(മൂല്യങ്ങൾ) കൈവിടുക/ക്രിയ* എന്ന ഉദാഹരണം ഉപയോഗിച്ച് അവ വിശദീകരിക്കാം:

(i) മുൻവിനയെച്ചം: (മൂല്യങ്ങൾ) കൈവിട്ടു(ട്ട്) ജീവിച്ചു

(ii) പിൻവിനയെച്ചം: (മൂല്യങ്ങൾ) കൈവിടാൻ തീരുമാനിച്ചു

(iii) നടുവിനയെച്ചം:

(a)(മൂല്യങ്ങൾ) കൈവിടുകവേണം നശിക്കാൻ (കേവലം)

(b)(മൂല്യങ്ങൾ) കൈവിടവേ അറിഞ്ഞു (തൻവിനയെച്ചം)

**(c)** (മൂല്യങ്ങൾ) കൈവിടുക അനുഭവിക്കാൻ (അനവച്ഛേദകം)

**(d)**(മൂല്യങ്ങൾ) കൈവിടുകിൽ പഠിക്കും (പാക്ഷികം)

ഇവിടെ, മുൻവിനയെച്ചരൂപത്തിൽ കൂട്ടിയെഴുത്ത് സ്വാഭാവികം; ഉദാ: കൈവിട്ടുജീവിച്ചു. മുമ്പുപറഞ്ഞ "ഉ"കാരന്യായവും കൂട്ടിനുകൂട്ടാം. ദീർഘപദനിയമം വിട്ടെഴുതലിനു മാർഗ്ഗദർശനമാക്കാം. മറ്റു സന്ദർഭങ്ങളിൽ, ഉത്തരപദത്തിലെ ആദ്യാക്ഷരം "സ്വര"മെങ്കിൽ, ദീർഘാക്ഷരനിയമത്തിനു വിധേയമായി സന്ധിചെയ്തു കൂട്ടിയെഴുതാം. മുൻവിനയെച്ചശൃംഖലയും കണ്ടുവരുന്നു.
ഉദാ: ചുമന്നുവിണ്ടുതടിച്ചുവീർത്തു.

ഇവയിലെല്ലാം പദ്യത്തിലും ഗദ്യത്തിലും വരുന്ന രൂപങ്ങൾ എളുപ്പം തിരിച്ചറിയാം.

(തുടരും)